# റമദാൻ ഫലപ്രദമാക്കാൻ

# ഖുർആൻ പാരായണം

# ഖുർആൻ പാരായണം

مَنْ قَرَأَ حَرْفًا مِنْ كِتَابِ اللَّهِ فَلَهُ بِهِ حَسَنَةٌ وَالْحَسَنَةُ بِعَشْرِ أَمْثَالِهَا لاَ أَقُولُ الم حَرْفٌ وَلَكِنْ أَلِفٌ حَرْفٌ وَلاَمٌ حَرْفٌ وَمِيمٌ حَرْفٌ

നബി ﷺ പറഞ്ഞു: ഖുർആനിലെ ഒരു അക്ഷരം വല്ലവനും പാരായണം ചെയ്യുന്നപക്ഷം അവന് ഒരു നന്മ ലഭിക്കും. ഏതൊരു നന്മക്കും പത്തിരട്ടിയാണ് പ്രതിഫലം. 'അലിഫ് ലാം മീം' ഒരു അക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, അതിലെ

**അലിഫ് ഒരക്ഷരവും ലാം മറ്റൊരു അക്ഷരവും മീം വേറൊരു അക്ഷരവുമാകുന്നു....**

# ഖുർആൻ പാരായണം

## 1 ഖത്തം

ഓരോ നമസ്കാരത്തിനു മുമ്പും ശേഷവും രണ്ടു പേജ് വീതം പാരായണം ചെയ്യുക.

## 2 ഖത്തം

ഓരോ നമസ്കാരത്തിനു
മുമ്പ്
4 പേജ്
+
ശേഷം
4 പേജ്

## 3 ഖത്തം

ഓരോ നമസ്കാരത്തിനു
മുമ്പ്
6 പേജ്
+
ശേഷം
6 പേജ്

## 4 ഖത്തം

ഓരോ നമസ്കാരത്തിനു
മുമ്പ്
8 പേജ്
+
ശേഷം
8 പേജ്

ആശയം മനസ്സിലാക്കി ഓതുവാൻ -മലയാളം,
ഇംഗ്ലീഷ് വിവർത്തനങ്ങൾ / പരിഭാഷ ഉപയോഗിക്കുക

എല്ലാ തഫ്സീറിന്റേയും  ആപ്പുകൾ ലഭ്യം -ഏതു
സമയത്തും എവിടെ നിന്നും വായിക്കാം

ഖുർആൻ സമ്പൂർണ പരിഭാഷ (കുഞ്ഞി മുഹമ്മദ് മദനി /
ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി )

ഖുർആൻ വിവർത്തനം-അമാനി തഫ്സീർ (ഒരു ജൂസുഹ് എങ്കിലും
കുറഞ്ഞത് തഫ്സീർ വായിച്ചു പഠിക്കുക)

# ഖുർആൻ - തജ്‌വീദ് പഠനം

قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ :

زَيِّنُوا الْقُرْآنَ بِأَصْوَاتِكُمْ

നബി ﷺ പറഞ്ഞു:

# ഖുർആൻ മണിച്ച് ഓതാത്തവൻ നമ്മിൽ പെട്ടവനല്ല.

**(ബുഖാരി)**

# ഒരു തജ്‌വീദ് നിയമം ഒരു ദിവസം പഠിച്ചാൽ













- → റമ്ദാൻ തീരുന്നതിനു മുമ്പ് മുഴുവൻ തജ്‌വീദ് നിയമങ്ങളും പഠിക്കാം
- → ഖുർആൻ തെറ്റില്ലാതെ ഓതാൻ പഠിക്കും
- → അത് വഴി കൂടുതൽ പ്രതിഫലം

നബി ﷺ പറഞ്ഞു:
(മുസ്‌ലിം: 673)

ഖുർആൻ **എറ്റവും അധികം മനപ്പാഠമുള്ളവരാണ്** സമൂഹത്തിന് (നമസ്കാരത്തിനായി) **ഇമാമായി** നിൽക്കേണ്ടത്.

അവർ മനപാഠത്തിൽ സമൻമാരാണെകിൽ **സുന്നത്ത് (പ്രവാചകചര്യ) കൂടുതൽ അറിയുന്നവർ** നേതൃത്വം നൽക്കട്ട.

അവർ സുന്നത്തിന്റെ വിഷയത്തിലും സമൻമാരാണെകിൽ **ആദ്യം ഹിജ്റ ചെയ്തവർക്ക്** മുൻഗണന നൽകട്ടെ.....

# ഖുർആൻ - ഹിഫ്ദ്

ഒരു ആയത് /
ഒരു ദിവസം

↓

30 ദിവസം
കൊണ്ട്

↓

സൂറത്തു
മുൽക് / സജദ
പഠിക്കാം

2 ആയത് /
ഒരു ദിവസം

↓

30 ദിവസം
കൊണ്ട്

↓

സൂറത്തു
റൂം / ദാരിയാത്ത്
പഠിക്കാം

10 വരികൾ /
ഒരു ദിവസം

↓

30 ദിവസം
കൊണ്ട്

↓

ഒരു ജുസ്ഉ
പഠിക്കാം

(ഉറങ്ങുന്നതിനു മുമ്പ് പ്രവാചകൻ ഓതാൻ
നിർദ്ദേശിച്ച  സൂറത്തുകളിൽ പെട്ട സൂറത്തുകൾ.
സൂറത്തുൽ മുൽക് - ഖബറിൽ രക്ഷ )

# സകാത്ത്

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ لَهُمْ أَجْرُهُمْ عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, **നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് കൊടുക്കുകയും** ചെയ്യുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. (ഖുർആൻ: 2/277)

പാവപ്പെട്ടവന്റെ
അവകാശം,
പണക്കാരന്റെ
ഔദാര്യമല്ല

8
അവകാശികൾക്ക്,
നിസാബ്
എത്തിയാൽ
നൽകുക

സകാത്ത്

# ദാന ധർമങ്ങൾ

عن عُقْبةَ بنِ عَامِرٍ – رضي الله عنه – قال: سَمِعْتُ رَسُولَ اللهﷺ يَقُولُ:

كُلُّ امْرِئٍ فِي ظِلِّ صَدَقَتِهِ حَتَّى يُفْصَلَ بَيْنَ النَّاسِ



ഉഖ്ബതുബ്നു ആമിറിൽ നിന്ന്, നബി ﷺ പറയുന്നതായി ഞാൻ കേട്ടു: പരലോകത്ത് ഓരോ മനുഷ്യനും അവന്റെ സ്വദഖയുടെ തണലിലായിരിക്കും, ജനങ്ങൾക്കിടയിൽ വേർതിരിവുണ്ടാക്കുന്നത് വരെ അല്ലെങ്കിൽ ജനങ്ങൾക്കിടയിൽ വിധി നടപ്പിലാക്കുന്നത് വരെ.
(അഹ്’മദ്: 17332)

# ദാന ധർമങ്ങൾ

ആവശ്യക്കാർക്ക് ഒരു മാസത്തെ റേഷൻ നൽകൽ

വിധവകളെ ഏറ്റെടുക്കുക - ഭക്ഷണം, വസ്ത്രം, മരുന്ന്

യതീം കുട്ടികളെ ഏറ്റെടുക്കുക - ഭക്ഷണം, വസ്ത്രം, പഠനം

ഈദ് കിസ്വ - കുട്ടികൾക്ക് പെരുന്നാൾ വസ്ത്രം നൽകൽ

സ്കോളർഷിപ് - ഓരോ മാസവും പഠനത്തിനുള്ള സഹായം നൽകൽ

# ഭാവി പദ്ധതികൾ



ഡയാലിസിസ് രോഗികൾ

കാൻസർ രോഗികൾ

അശരണരെ സഹായിക്കൽ

മാറാ രോഗികളെ സഹായിക്കൽ



ഭവന പദ്ധതിയിൽ
പങ്കാളി ആകുക

ഒരു കോളനിയിൽ
ഒരു കിണർ ഉണ്ടാക്കി
കൊടുക്കുക

ഭാഗ ധർമ്മങ്ങൾ

# പള്ളി നിർമാണം

പള്ളി നിർമാണത്തിൽ
പങ്കാളി ആകുക

ദാന ധർമങ്ങൾ

# ലൈലത്തുൽ ഖദ്റിലെ ദാനത്തിന്റെ പുണ്യം!!

**ഒരു രാത്രി  ഒരു രൂപ നൽകിയാൽ !**

30 ദിവസം 30 രൂപ ദാനം (നമ്മുടെ കഴിവിന് അനുസരിച്ചു ചെയ്യുക ). അതിൽ ഒരു രാത്രി ലൈലത്തുൽ ഖദ്ർ ഉൾപ്പെടുമെന്ന് ഉറപ്പ് - 1000 മാസം ദാനം ചെയ്ത പ്രതിഫലം.

**അതുപോലെ ഖുർആൻ പാരായണം,**
**സ്വാലിഹായ അമലുകൾ എല്ലാം വർധിപ്പിക്കുക**

**ഒരു പുരുഷായുസ്സ് ചെയ്യാൻ കഴിയാത്തതു ഒറ്റ രാത്രി കൊണ്ട് ചെയ്യാൻ ഉള്ള അവസരം.**

# നോമ്പ് തുറപ്പിക്കുക

**ഒരാളെ നോമ്പ് തുറപ്പിച്ചാൽ - അയാൾ നോമ്പ് എടുത്തതിന്റെ പ്രതിഫലം അയാൾക്കു ഒട്ടും കുറവ് വരാതെ നമുക്കും (ഹദ ഥ് )**

## യാത്രക്കാരെ നോമ്പ് തുറപ്പിക്കാൻ സൗകര്യങ്ങൾ ഒരുക്കുക

## ഇഫ്താർ കിറ്റ്

**(മലയോര പ്രദേശം, തീരദേശ പ്രദേശം പരിഗണിക്കുക )**

- പാവപ്പെട്ടവർ
- അയൽവാസികൾ
- കുടുംബക്കാർ
- സുഹൃത്തുക്കൾ

# മത പഠനം

## ഒരു കുട്ടിയെ ഒരു വർഷത്തേക്ക് ഏറ്റെടുക്കുക

- മൊത്തം ചെലവ്
- ഒരു വർഷത്തെ ഭക്ഷണം

## ജാമിഅ അൽഹിന്ദ്

വിജ്ഞാനത്തിന്റെ വിളക്കുമാടം

ഒരു കുട്ടിയെ സ്പോൺസർ ചെയ്യാം

നബി ﷺ പറഞ്ഞു:

**ആദമിന്റെ മക്കൾ മരണപ്പെട്ടു കഴിഞ്ഞാൽ മൂന്ന് കാര്യങ്ങളല്ലാത്തതെല്ലാം അവരിൽ നിന്ന് മുറിഞ്ഞു പോകുന്നതാണ്.**

**നിലനിൽക്കുന്ന ദാനധർമ്മം**

**ഉപകാരപ്രദമായ വിജ്ഞാനം**

**അവനുവേണ്ടി പ്രാർത്ഥിക്കുന്ന നല്ലവരായ സന്താനങ്ങൾ**

(മുസ്‌ലിം: 1631)

ദാനം

# പുണ്യം തിരിച്ചറിയുക

مَنْ دَلَّ عَلَى خَيْرٍ, فَلَهُ مِثْلُ أَجْرِ فَاعِلِهِ

**ആരെങ്കിലും ഒരാൾക്ക് ഒരു നന്മ കാണിച്ചുകൊടുത്താൽ അത് പ്രവർത്തിച്ചവന് ലഭിക്കുന്ന പ്രതിഫലത്തിന് സമാനമായ പ്രതിഫലം അവനും ലഭിക്കുന്നു“ [ സ്വഹീഹ് മുസ്‌ലിം]**

മതപഠനം

# ദഅവ

## മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ഒരു കർമമാണ് യഥാർഥത്തില് ഇസ്ലാമിക പ്രബോധനം.

സഹ്ലുബ്നു സഅദ്(റ) വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീഥില് കാണാം: "നബി (സ്വ) പറഞ്ഞു: **'അല്ലാഹു തന്നെയാണ് സത്യം! നീ വഴി ഒരാളെ അല്ലാഹു ഹിദായത്തിലാക്കുക എന്നത് ചുവന്ന ഒട്ടകങ്ങൾ കിട്ടുന്നതിനെക്കാള് നിനക്കുത്തമമാണ്**" (ബുഖാരി, മുസ്ലിം).

# പ്രബോധന പ്രവർത്തനങ്ങളെ സഹായിക്കുക

**ദീൻ പ്രചരിപ്പിക്കാൻ ഉപയോഗിക്കുക**

ആരോഗ്യം, ആയുസ്സ്, സമ്പത്ത് - പരലോകത്തു ചോദ്യം ചെയ്യപ്പെടുന്നത്

# ആരാധനകളിൽ സൂക്ഷ്മത പാലിക്കുക

**ഏതൊരു വിശ്വാസിയുടെ സൽകർമ്മവും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യയോഗ്യമാകണമെങ്കിൽ ചില നിബന്ധനകൾ പാലിച്ചിരിക്കണം.**

## 01 ഇഖ്‌ലാസ്

അഥവാ നിഷ്കളങ്കമായി അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് അനുഷ്ഠിക്കപ്പെടുന്നതും പ്രവാചകന്റെ ചര്യ പിൻപറ്റിക്കൊണ്ടുള്ളതുമാകണം. എങ്കിൽ മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ.

## 02 ഇത്തിബാഉ റസൂൽ

**ഓരോ ആരാധനയുടെയും വാജിബ്, ശർത്ത്, സുന്നത്ത് എന്നിവ പഠിക്കുക**


നിയ്യത്ത് ശരിയാക്കുക
പ്രവാചകചര്യ അനുസരിച്ചു ചെയ്യുക
ലോകമാന്യം ഒഴിവാക്കുക

# വുദു

- വുദു പൂർണ്ണമാക്കുക
- വുദു വിനു ശേഷം പ്രാർത്ഥിക്കുക
- വുദുവിന്റെ രണ്ടു റക്അത്തു സുന്നത്ത് നിസ്കരിക്കുക

# നമസ്കാരങ്ങൾ

## ദിക്റുകൾ

നിസ്കാരത്തിലെ ദിക്റുകളുടെ അർഥം പഠിക്കുക. പ്രവാചകനിൽ നിന്ന് ഉദ്ധരിക്കകപ്പെട്ട വ്യത്യസ്തമായ ദിക്റുകൾ പഠിക്കുക

## ഫർള് നിസ്കാരം

പുരുഷന്മാർ പള്ളിയിൽ വെച്ച് ജമാഅത്തായി

- ധാരാളം പ്രതിഫലം
- ഓരോ കാലടിക്കും പ്രതിഫലം
- ദറജകൾ വർധിക്കും
- പാപങ്ങൾ പൊറുക്കപ്പെടും

## പള്ളിയിൽ

- നിസ്കാരത്തിനു കാത്തിരുന്നാൽ നിസ്കാരത്തിന്റെ പ്രതിഫലം
- ഒന്നാം സ്വഫ്ഫിനു  പ്രത്യേക പ്രതിഫലം

സൂര്യോദയം കഴിഞ്ഞു കഴിഞ്ഞു 15 മിനിറ്റ് കഴിഞ്ഞു ളുഹാ നിസ്കരിക്കുക

ദിക്റുകൾ, പ്രാർത്ഥനകൾ കൊണ്ട് സമ്പുഷ്ടമാക്കുക

സുബ്ഹിക്ക് ശേഷം സൂര്യൻ ഉദിക്കുന്നത് വരെ പള്ളിയിൽ ഇരിക്കുക

ഹജ്ജ് അല്ലെങ്കിൽ ഉംറ ചെയ്ത പ്രതിഫലം - ഹദീഥ്

# റവാത്തിബ്

- റവാത്തിബ്  നിസ്കാരം പതിവാക്കുക
- ഫർള് നിസ്കാരത്തിലെ വീഴ്ചകൾക്ക് പകരം നില്കും
- ദിവസവും 12 റകഹത് സുന്നത്തു നമസ്കരിച്ചാൽ സ്വർഗത്തിൽ ഒരു ഭവനം

# തഹജ്ജുദ് /വിത്ർ

- കൂടുതൽ പുണ്യം
- രാത്രിയുടെ അന്ത്യ യാമങ്ങളിൽ റബ്ബ് ഒന്നാം ആകാശത്തേക്ക് ഇറങ്ങി വരും - എന്നോട് ചോദിയ്ക്കാൻ ആരുണ്ട് എന്ന് പറയപ്പെടും - ഉത്തരം കിട്ടുന്ന മുഹൂർത്തം

# നമസ്കാരങ്ങൾ

# നമസ്കാരങ്ങൾ

## ളുഹാ നമസ്കാരം

- പ്രവാചകന്റെ പ്രത്യേക ഉപദേശത്തിൽ പെട്ടത്

## സുബ്ഹിക്ക് മുമ്പുള്ള രണ്ടു റകഅത്

- പ്രവാചകൻ ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല
- നബി (സ) പറഞ്ഞു : ആരെങ്കിലും സുബ്ഹിയുടെ മുമ്പുള്ള രണ്ട് റക്അത്ത് നമസ്കരിച്ചാൽ ദുനിയാവും അതിലുള്ള മുഴുവൻ വസ്തുക്കളും ലഭിക്കുന്നതിനേക്കാളും ഖൈറാണ്

# ദിക്റുകൾ



രാവിലെയും വൈകുന്നേരവും
ഉള്ള ദിക്റുകൾ പതിവാക്കുക

നമസ്കാര ശേഷം
ഉള്ള അദ്കാറുകൾ

വെറുതെ ഇരിക്കുമ്പോൾ / യാത്രയിൽ /
ജോലി ചെയ്യുമ്പോൾ - മീസാനിൽ ഘനം
തൂങ്ങുന്ന ദിക്റുകൾ പതിവാക്കുക

അത്താഴ സമയം/ നോമ്പ് തുറക്കുന്ന
സമയം - പ്രാർത്ഥന മറക്കരുത്

**നബി ﷺ നോമ്പ് തുറന്നു കഴിഞ്ഞാൽ പ്രാർത്ഥിക്കാറുണ്ടായിരുന്നത് ഇപ്രകാരമാണ്:**

ذَهَبَ الظَّمَأُ وَابْتَلَّتِ الْعُرُوقُ
وَثَبَتَ الأَجْرُ إِنْ شَاءَ اللَّهُ

**ദാഹം ശമിച്ചു; നരമ്പുകൾ നനഞ്ഞു;
അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറച്ചു.”
(അബൂദാവൂദ്: 2357)**

പ്രാർത്ഥന
വിശ്വാസിയുടെ ആയുധം

## സ്വീകരിക്കുന്ന സമയങ്ങൾ, സ്ഥലങ്ങൾ, സന്ദർഭങ്ങൾ പഠിക്കുക, പ്രാവർത്തികമാക്കുക

- അത്താഴ സമയം
- നോമ്പ് തുറക്കുന്ന സമയം
- യാത്രക്കാരന്റെ പ്രാർത്ഥന
- വെള്ളിയാഴ്ചയിൽ അസർ മുതൽ മഗ്രിബ് വരെയുള്ള സമയം
- ബാങ്കിനും ഇഖാമത്തിനും ഇടയിൽ ഉള്ള സമയം
- ത്വവാഫ്, സഹ്യ്, ത്വവാഫിന് ശേഷം - മഖ്മു ഇബ്രാഹിമിന് പുറകിൽ വെച്ചുള്ള പ്രാർത്ഥന

- എണീക്കുക / ചുരുങ്ങിയത് ഈത്തപ്പഴം , വെള്ളം എങ്കിലും
- അത്താഴത്തിൽ ബറകത് (അനുഗ്രഹം) ഉണ്ട്

قَالَ النَّبِيُّ -ﷺ-:

«تَسَحَّرُوا فَإِنَّ فِي السَّحُورِ بَرَكَةً»

“നിങ്ങൾ അത്താഴം കഴിക്കുക. തീർച്ചയായും അത്താഴത്തിൽ ബറകത് (അനുഗ്രഹം) ഉണ്ട്.”
(ബുഖാരി:1923, മുസ്‌ലിം:1095

അത്താഴം

# അത്താഴം

- ഭക്ഷണം മിതമാക്കുക , വൈകിപ്പിക്കുക
- അത്താഴത്തിനും സുബ്ഹി ബാങ്കിനും ഇടയിൽ പ്രവചകന്റെ കാലത്തു ഉണ്ടായിരുന്നത് 50 -60 ആയത്തുകൾ ഓതാൻ ഉള്ള സമയം
- അത്താഴത്തിനു ശേഷം ഖുർആൻ ഓതുക
- അത്താഴ സമയം ബർകത്തുള്ള സമയം
- പ്രാർത്ഥിക്കാൻ സമയം കണ്ടെത്തുക

# ഇഫ്താർ

- നോമ്പ് തുറക്കുന്നതിനു മുമ്പ് – അൽപ സമയം ഭക്ഷണത്തിന്റെ മുമ്പിൽ ഇരിക്കുക; പ്രാർത്ഥിക്കുക; പാപമോചനം തേടുക
- ഈത്തപ്പഴം / കാരക്ക / വെള്ളം - മുൻഗണന നൽകുക,
- ഭക്ഷണം മിതമാക്കുക
- സമയം ആയാൽ തുറക്കാൻ ധൃതി കാണിക്കുക - വൈകിപ്പിക്കരുത്
- നോമ്പ് തുറന്ന ഉടനെ ഉള്ള പ്രാർത്ഥന മറക്കരുത്
- ഭക്ഷണം ബിസ്മി കൊണ്ട് ആരംഭിക്കുക
- അൽഹംദുലില്ല -കഴിച്ചതിനു ശേഷം പറയുക

# തറാവീഹ്

عَنْ أَبِى هُرَيْرَةَ ـ رضى الله عنه ـ عَنِ النَّبِىِّ صلى الله عليه وسلم قَالَ : مَنْ قَامَ لَيْلَةَ الْقَدْرِ إِيمَانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ

**അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:**
**സത്യവിശ്വാസത്തോടെയും, പ്രതിഫലേച്ഛയോടെയും ആരെങ്കിലും ലൈലത്തുൽ ഖദ്റിൽ നമസ്കരിച്ചാൽ അവന്റെ പക്കൽനിന്ന് മുമ്പ് സംഭവിച്ച പാപങ്ങൾ പൊറുക്കപ്പെടും.** (ബുഖാരി:2014)

# തറാവീഹ്

8 റകഅത് + 3 റകഅത് വിത്ർ



പള്ളിയിൽ ഇമാമിനോട് കൂടെ നിസ്കരിക്കാൻ ശ്രമിക്കുക.



ഇമാമിനോട് കൂടെ പൂർണമായി തറാവീഹ് നിസ്കരിച്ചാൽ -ഒരു രാത്രി മുഴുവൻ നിസ്കരിച്ച പ്രതിഫലം

# ഉറക്കം

## «وَجَعَلْنَا نَوْمَكُمْ سُبَاتًا»

നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമമാക്കുകയും ചെയ്തിരിക്കുന്നു. (ഖുർആൻ:78/9)

ഇശാ നമസ്കാര ശേഷം വൈകാതെ ഉറങ്ങുക

പ്രവാചക ചര്യ

വുദു വോട് കൂടെ

ഉറങ്ങുന്ന സമയത്തു ഉള്ള പ്രാർത്ഥനകൾ ദിക്റുകൾ മറക്കരുത്

സൂറത്തു സജദ, മുൽക്, കാഫിറൂൻ ഓതുക

തഹജ്ജുദ്

قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: أَفْضَلُ الصَّلاَةِ بَعْدَ الْفَرِيضَةِ صَلاَةُ اللَّيْلِ

**നബി ﷺ പറഞ്ഞു:**

**ഫർള് നമസ്കാരത്തിന് ശേഷം നമസ്കാരങ്ങളിൽവെച്ച് ഏറ്റവും ഉത്തമമായ നമസ്കാരം രാത്രി നമസ്കാരമാണ്.** **(മുസ്ലിം 1163)**

- രാത്രിയുടെ  അന്ത്യയാമങ്ങളിൽ എണീറ്റ് നിസ്കരിക്കുക
- സുജൂദിൽ കിടന്നു റബ്ബിനോട് പ്രാർത്ഥിക്കുക
- റബ്ബ് ,ഒന്നാം ആകാശത്തേക്ക് വരുന്ന സമയം
- റബ്ബിനോട് ചോദിക്കാൻ ആരെങ്കിലും ഉണ്ടോ എന്ന് പറയപ്പെടുന്ന സമയം
- റബ്ബിനോട് അടുക്കാൻ ഏറ്റവും ഉത്തമ സമയം

ഇഅ്തികാഫ്

عَنْ عَائِشَةَ -زَوْجِ النَّبِيِّ -ﷺ-: «أَنَّ النَّبِيَّ -ﷺ- كَانَ يَعْتَكِفُ العَشْرَ الأَوَاخِرَ مِنْ رَمَضَانَ حَتَّى تَوَفَّاهُ اللَّهُ، ثُمَّ اعْتَكَفَ أَزْوَاجُهُ مِنْ بَعْدِهِ»

**നബിﷺ അവിടുത്തെ മരണം വരെ റമദാനിന്റെ അവസാനത്തെ പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുത്തേക്ക് ശേഷം നബി ﷺയുടെ ഭാര്യമാരും ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു.”**

**(ബുഖാരി: 2026, മുസ്‌ലിം: 1172)**

# ഇഅ്തികാഫ്

- കഴിയുന്നവർ അവസാനത്തെ അവസാനത്തെ പത്തിൽ പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുക
- ഇല്ലെങ്കിൽ ഒറ്റ - ഇട്ട രാവിൽ എങ്കിലും
- പുണ്യങ്ങൾ വാരിക്കൂട്ടാൻ നല്ല അവസരം
- കുടുംബത്തെയും കൂടെ കൂട്ടുക

# «عمرة في رمضان تعدل حجة – أو حجة معي»

**നബി (സ) പറഞ്ഞു:**

**"റമദാനിലെ ഉംറ, ഹജ്ജിന് - അല്ലെങ്കിൽ എന്റെ കൂടെയുള്ള ഹജ്ജിന് - സമമാകുന്നു."**

ഉംറ

**കഴിയുന്നവർ റമദാനിൽ ഉംറ നിർവഹിക്കുക**



**റമദാനിലെ ഉംറ പ്രവാചകന്റെ കൂടെ ഹജ്ജ് നിർവഹിച്ചതിന് തുല്യം (ഹദീസ്)**

# അറിവ് നേടുക

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: مَنْ سَلَكَ طَرِيقًا يَلْتَمِسُ فِيهِ عِلْمًا سَهَّلَ اللَّهُ لَهُ طَرِيقًا إِلَى الْجَنَّةِ

**അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം. നബി ﷺ പറഞ്ഞു:**
**ആരെങ്കിലും വിജ്ഞാനം അന്വേഷിച്ച് ഒരു മാർഗത്തിൽ പ്രവേശിച്ചാൽ സ്വർഗത്തിലേക്കുള്ള വഴി അവന് എളുപ്പമാക്കിക്കൊടുക്കും. (തിർമിദി:2646)**

# അറിവ് നേടുക

- ഇൽമിന്റെ സദസ്സുകൾ ഉപയോഗപ്പെടുത്തുക
- പണ്ഡിതരുടെ ഓൺലൈൻ ക്ലാസുകൾ ശ്രവിക്കുക
- പീസ് റേഡിയോ : അറിവ് നേടാൻ നല്ല മാർഗം, മറ്റുള്ളവരെ ഇൻസ്റ്റാൾ ചെയ്യിക്കുക

peaceradio
Tune to reality

പീസ് റേഡിയോ, ZAMEEL എന്നീ ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യാൻ താഴെ കാണുന്ന ലോഗോകളിൽ ക്ലിക്ക് ചെയ്യുക

# മനസ്സും അവയവങ്ങളും

قَدْ أَفْلَحَ مَن زَكَّاهَا ﴿الشمس: ٩ ﴾

മനസ്സിനെ ശുദ്ധീകരിക്കുക
മനസ്സ് വിശാലമാക്കുക

തിന്മയിൽ  നിന്നും
പൂർണ  മോചനം നേടുക

അനാവശ്യ സംസാരങ്ങൾ
ഒഴിവാക്കുക

സമയം ഫലപ്രദമായി
ഉപയോഗിക്കുക



# നന്മകളിൽ പങ്കാളികളാവുക

- **നന്മകൾ അധികരിപ്പിക്കുക**

أَحَبُّ الأعمالِ إلى اللّٰهِ أدْومُها و إن قَلَّ.

ചെയ്യുന്ന കർമങ്ങൾ പതിവാക്കുക - റബ്ബിന് കൂടുതൽ ഇഷ്ടം

- **നന്മ/ അറിവ് എത്തിച്ചു കൊടുക്കുക**
  - ഇത് വായിച്ചവർ പ്രാവർത്തികമാക്കുക
  - മറ്റുള്ളവർക് എത്തിച്ചു കൊടുക്കുക



- അവർ ഇത് പ്രവർത്തികമാക്കിയാൽ നമുക്കും പ്രതിഫലം ,അവർക്കു യാതൊരു കുറവും ഇല്ലാതെ

من دل على خير فله فله مثل أجر فاعله

# കർമങ്ങൾ സ്വീകരിക്കുവാനുള്ള മാനദണ്ഡങ്ങൾ

## തൗഹീദ്
ഉണ്ടായിരിക്കുക

അല്ലഹുവിനെ മാത്രം ആരാധിക്കുക / ശിർക്കിൽ നിന്നും പൂർണമായി വിട്ടു നിൽക്കുക.
(അല്ലഹു അല്ലാത്തവരോട് ഒരു പ്രാർത്ഥനയും സഹായത്തേട്ടവും പാടില്ല)

## റസൂലിനെ പിൻപറ്റുക

എല്ലാ കർമ്മങ്ങൾക്കും റസൂൽ (സ)യുടെ മാതൃക പിൻപറ്റുക. റസൂൽ (സ) കാണിച്ചു തന്നത് മാത്രം ചെയ്യുക. അല്ലാത്തത് എല്ലാം ബിദ്അത്. ബിദ്അത് ചെയ്താൽ നരകത്തിൽ

## ഇഖ്ലാസ് ഉണ്ടാകുക

എല്ലാ കർമങ്ങൾ ചെയ്യുമ്പോഴും റബ്ബിന്റെ പ്രീതി മാത്രം കാംക്ഷിക്കുക. കർമങ്ങളുടെ പ്രതിഫലം നിയ്യത്തു അനുസരിച്ചു മാത്രം

## ലോക മാന്യം ഒഴിവാക്കുക

ചെറിയ ശിർക് എന്ന് റസൂൽ (സ ) വിശേഷിപ്പിച്ചു. കർമങ്ങൾ പൊളിഞ്ഞു പോകും.

# ഈ നന്മയിൽ പങ്കാളികളാവുക

ഈ വിഷയങ്ങളിൽ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിലും എന്തെങ്കിലും തെറ്റുകൾ കണ്ടെത്തിയാലും താഴെ കാണുന്ന ഇമെയിൽ  വഴിയോ വാട്സാപ്പ് വഴിയോ അറിയിക്കുമല്ലോ.

munderi@gmail.com
+918594044600 (Sameer munderi)

പ്രാർത്ഥനയിൽ ഉൾപ്പെടുത്തണം എന്ന് വസ്വിയ്യത്ത് ചെയ്യുന്നു.

**റബ്ബ് നമ്മിൽ നിന്നും സ്വീകരിക്കുമാറാകട്ടെ ... ആമീൻ**